ക്രമപ്രശ്നം

മന്ത്രിസഭ രാജിവയ്ക്കണമെന്ന ആവശ്യം

ശ്രീ. കെ. എം. മാണി : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. എട്ടാം കേരളനിയമസഭ ഇന്ന് പിരിയണമെന്ന് മുഖ്യമന്ത്രി പ്രസ്താവിക്കുകയും ഒരു പര്യവസാനം എന്നുള്ള നിലയിൽ അങ്ങ് ഈ പ്രസ്താവന നടത്തുകയും ചെയ്ത സ്ഥിതിയ്ക്ക് ഈ ഗവൺമെന്റ് ഉടനടി രാജിവയ്ക്കണമെന്നുള്ളതാണ് ഞാൻ പറയുന്നത്. അതിന് ആധികാരികമായി ഒരു കാര്യം പറയട്ടേ. ഭരണഘടനാ വിദഗ്ദ്ധൻമാർ അവരുടെ അഭിപ്രായം ഇതിനോടകം പ്രകടമാക്കിയിട്ടുണ്ട്. ഒരു നിയമസഭയുടെ സ്വാഭാവിക കാലാവധി തീരുന്നതിന് ആറുമാസം മുമ്പ് നിയമസഭ പിരിയുകയാണെങ്കിൽ ആ ഗവൺമെന്റിന് കെയർ ടേക്കറായി തുടരാൻ പാടില്ലെന്ന് ഭരണഘടനാ വിദഗ്ദ്ധൻമാർ പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഇന്ന് നിയമസഭ പിരിയണമെന്നുള്ള ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ഒരു നിമിഷം അധികാരത്തിൽ ഇരിക്കാൻ പാടില്ല, രാജിവയ്ക്കണമെന്നാണ് ഞാൻ പറയുന്നത്.

.....(തടസ്സം).....

മി. സ്പീക്കർ : ഇവിടെ ബഹുമാനപ്പെട്ട കെ.എം.മാണി പറഞ്ഞത് പോയിന്റ് ഓഫ് ഓർഡറല്ല. ഭരണഘടനയെക്കുറിച്ച് സാമാന്യം അറിയാവുന്ന ഒരു വ്യക്തി എന്നുള്ള നിലയിൽ ഞാൻ പറയാം. ഇവിടെ ഭൂരിപക്ഷമുള്ള ഒരു മന്ത്രിസഭയ്ക്ക് കെയർ ടേക്കറായിട്ട് തുടരാൻ പൂർണ്ണമായ അവകാശമുണ്ട്, അധികാരമുണ്ട്. ശ്രീ. കെ.എം. മാണി പറയുന്നത് ഭരണഘടനാ വിരുദ്ധമായ കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് എന്ന് പറയുന്നത് ഭൂരിപക്ഷമുള്ള ഒരു മന്ത്രിസഭയാണ്. ആ ഭൂരിപക്ഷമുള്ള മന്ത്രിസഭയാണ് നിയമസഭ പിരിച്ചുവിടാൻ പറഞ്ഞത്. ആ മുഖ്യമന്ത്രി ഒരു കാരണവശാലും രാജിവയ്ക്കേണ്ടതില്ല. പരിപൂർണ്ണമായും ഈ മന്ത്രിസഭയ്ക്ക് കെയർ ടേക്കറായി തുടരാൻ അധികാരമുണ്ട്. ശ്രീ. കെ. എം. മാണി പറയുന്നത് ഭരണഘടനാ വിരുദ്ധമാണ്. രാജി കാര്യം സംബന്ധിച്ചുള്ള യാതൊരു ആവശ്യങ്ങളും ഇനി സഭയിൽ ഉന്നയിക്കാൻ പാടില്ല. അതിൻമേൽ ഒരു പോയിന്റ് ഓഫ് ഓർഡറും ഉന്നയിക്കാൻ അനുവദിക്കുകയില്ല. അഥവാ ആരെങ്കിലും ഉന്നയിച്ചാൽ അത് രേഖയിൽ ഉൾപ്പെടുകയുമില്ല, പത്രങ്ങളിൽ കൊടുക്കാനും പാടില്ല.

സബ്മിഷൻ (തുടർച്ച)

(2) അഴൂർക്കടവ്, കായിക്കരക്കടവ് പാലങ്ങളുടെ നിർമ്മാണം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ പെടുന്ന അഴൂർക്കടവ് പാലം വളരെക്കാലമായി ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. സി.ആർ.എഫ്.-ൽപ്പെടുത്തി ആ പാലം പണിചെയ്യാമെന്ന് നേരത്തെ ഗവൺമെന്റ് സമ്മതിച്ചിട്ടുള്ളതാണ്. ആ പാലത്തിന്റെ പണി ഉടനടി ആരംഭിക്കാൻ നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ കുമാരനാശാന്റെ ജന്മസ്ഥലമായ കായിക്കരയിൽ ഒരു പാലം പണിയണമെന്ന ആവശ്യം അവിടെയുള്ള നാട്ടുകാർ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ആ പാലം ടെൻഡർ ചെയ്ത് എത്രയും വേഗം പണി ആരംഭിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കുമാരനാശാന്റെ ജന്മസ്ഥലമായ കായിക്കരയിൽ ഒരു പാലം വേണമെന്ന ഏറെ നാളുകളായുള്ള അവിടത്തെ ജനങ്ങളുടെ ആവശ്യം അംഗീകരിച്ച് നടപ്പിലാക്കണം. അവിടെതന്നെ പട്ടം താണുപിള്ള റോഡിൽ പത്ത് വർഷമായി ജനങ്ങളും ആവശ്യപ്പെട്ടുവരുന്ന ഒരു പാലത്തെ സംബന്ധിച്ചിടത്തോളം എസ്റ്റിമേറ്റ് തയ്യാറാക്കി ഇത്തവണത്തെ ബഡ്ജറ്റിലുണ്ട്. കഴിഞ്ഞ ബഡ്ജറ്റിലുള്ളതാണ്. ഈ മൂന്ന് പാലങ്ങളുടേയും നിർമ്മാണ നടപടികളും അടിയന്തിരമായി ആരംഭിക്കണമെന്ന് ഞാൻ മരാമത്ത് വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും മൂന്ന് പാലങ്ങളെ സംബന്ധിക്കുന്നതാണ്. അതിൽ പ്രധാനപ്പെട്ട ഒരു പാലമാണ് അഴൂർക്കടവ് പാലം. ഈ പാലം സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ (എ)-യിൽ ഒന്നാമത്തെ ഇനമായി ചേർത്തുകൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ട്. 140 ലക്ഷം ഉറുപ്പിക ചെലവു വരുന്ന പാലമാണിത്. ഇതിന്റെ ഡിസൈൻ തയ്യാറാക്കി വരികയാണ്. അതുപോലെതന്നെ രണ്ടാമതായി ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ള കാര്യം എരപ്പ് പാലം കെട്ടണമെന്നുള്ളതിനെ സംബന്ധിച്ചാണ്. ആ പാലം നിർമ്മിക്കുന്നതിന് 1989-ൽ തന്നെ 32 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും കൊടുത്തിട്ടുണ്ട്. അതിന്റെ സ്ഥലമെടുപ്പ് നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് അതിന്റെ പ്രവൃത്തികളും ആരംഭിക്കാൻ നടപടികളും സ്വീകരിക്കുന്നതാണ്. 1991-92-ലെ ബഡ്ജറ്റിൽ ഈ പാലം നിർമ്മിക്കുന്നതിന് 4 ലക്ഷം ഉറുപ്പിക വകകൊള്ളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ മൂന്നാമത്തെ ആവശ്യമായ കായിക്കരക്കടവ് പാലത്തിന്റെ പ്രാഥമിക നടപടി ആയിട്ടുണ്ട്. അതിന് 120 ലക്ഷം രൂപ ചെലവുവരുന്നതാണ്. സാമ്പത്തികമായ സ്ഥിതി പരിഗണിച്ചുകൊണ്ടു മാത്രമേ ആ പാലം നിർമ്മിക്കാൻ സാധിക്കുകയുള്ളൂ.

ക്രമപ്രശ്നം സംബന്ധിച്ച്

ശ്രീ. എം. എം. ഹസ്സൻ : സർ, നിയമസഭാ തെരഞ്ഞെടുപ്പ് ലോകസഭാ തെരഞ്ഞെടുപ്പിനോടൊപ്പം നടത്താൻ പോകുന്നു എന്ന് മുഖ്യമന്ത്രി പറഞ്ഞു. അങ്ങ് ഒരു വിടവാങ്ങൽ പ്രസംഗം നടത്തി. മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞാൽ സഭ ഇന്നു പിരിയുമെന്നാണ് എല്ലാവരും വിശ്വസിക്കുന്നത്. വളരെ പ്രസക്തമായിട്ടുള്ള ഒരു കാര്യം ശ്രീ. കെ. എം. മാണി ഒരു പോയിന്റ് ഓഫ് ഓർഡറായിട്ട് ഇവിടെ ഉന്നയിച്ചു. ഈ ഗവൺമെന്റ്***.....(തടസ്സം).....

മി. സ്പീക്കർ : ഇതൊന്നും പറയാൻ പറ്റുകയില്ല. ചട്ടപ്രകാരമല്ലാതെ യാതൊന്നും പറയാൻ അനുവദിക്കുന്നതല്ല. ശ്രീ. കെ. എം. മാണി പറഞ്ഞത് പോയിന്റ് ഓഫ് ഓർഡർ അല്ല. അദ്ദേഹം പറഞ്ഞത് ഭരണഘടനാ വിരുദ്ധമായ കാര്യമാണ്. അതിന് മറുപടി പറഞ്ഞുകഴിഞ്ഞു. ഇനി രാജിയെക്കുറിച്ചുള്ള ഒരു പരാമർശനവും സഭയിൽ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. ജെ. ആഞ്ചലോസ് .....

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം സഭാനടപടികളിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly